പതിമൂന്നാം കേരള നിയമസഭ

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1070 12.06.2014-ൽ മറുപടിക്ക്.

## ഇ-സാക്ഷരതാ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എൻ.പ്രതാപൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. ഷാഫി പറമ്പിൽ : | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഇ-സാക്ഷരതാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ, പഞ്ചായത്ത്-ഐ.ടി വകുപ്പുകളുടെ പങ്കാളിത്തത്തിൽ നടപ്പിലാക്കുന്ന ഇ-സാക്ഷരതാ പദ്ധതി 2014 ജനുവരി മാസം 4-ാംതീയതി മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗ് ഉദ്ഘാടനം ചെയ്ത് തുടക്കം കുറിച്ചു. കേരളത്തിലെ തെരെഞ്ഞെടുത്ത 100 പഞ്ചായത്തുകളിലാണ് പദ്ധതിയുടെ ഒന്നാംഘട്ടം നടപ്പിലാക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ താഴെത്തട്ടിൽ എത്തിച്ച് ജനങ്ങളുടെ ശാക്തീകരണം യാഥാർത്ഥ്യമാക്കുക എന്ന ആശയത്തിന് പ്രാധാന്യം നൽകുന്നു. |
| (സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; | (സി) 7.95 കോടി രൂപ ചെലവു വരുന്ന പ്രസ്തുത പദ്ധതിയിൽ 3.75 കോടി രൂപ കേന്ദ്ര വിവരസാങ്കേതിക വകുപ്പിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (സി) 24 മാസം കൊണ്ട് പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. |

(ഇ) പദ്ധതി നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

(ഇ) പദ്ധതി നടപ്പിലാക്കുവാൻ 14 ജില്ലകളിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരിയായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഔദ്യോഗിക-അനൗദ്യോഗിക വ്യക്തി- കളുടെ നേതൃത്വത്തിൽ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരികയും ചെയ്യുന്നു.

Sheela H

സെക്ഷൻ ഓഫീസർ